199769/2022/TSM (C)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിനോദസഞ്ചാര വകുപ്പ് ഹോംസ്റ്റേ ക്ലാസിഫിക്കേഷന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.177/2022/TSM തീയതി,തിരുവനന്തപുരം, 03-06-2022

---

പരാമർശം:- 1. സ.ഉ (കൈ) നം.03/2020/ടൂറിസം തീയതി 16-01-2020.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 08-12-2021, 31.05.2022 എന്നീ തീയതികളിലെ എം.3/14681/2021 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ/റീക്ലാസ്സിഫിക്കേഷൻ സ്കീം പുതുക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ക്ലാസ്സിഫിക്കേഷൻ/റീക്ലാസ്സിഫിക്കേഷന് സമർപ്പിക്കേണ്ട അപേക്ഷയോടൊപ്പം ഹോംസ്റ്റേ നടത്തിപ്പിനായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(2) സംസ്ഥാനത്ത് ഹോംസ്റ്റേ ഉടമകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചതിൻ പ്രകാരം ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷനു വേണ്ടി വിനോദസഞ്ചാര വകുപ്പിനു സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന രേഖകളിൽ ഒഴിവാക്കാനാവുന്ന രേഖകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് അറിയിക്കുവാൻ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും, അതനുസരിച്ച് ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷനു വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി പുതുക്കിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുമുണ്ടായി.

(3). ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷന് വേണ്ടി തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം സമർപ്പിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കി പുതിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോംസ്റ്റേകളുടെ ക്ലാസ്സിഫിക്കേഷന് വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം സമർപ്പിക്കണമെന്ന പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ "Documents to be attached with the application of classification/re classification" എന്ന തലക്കെട്ടിലെ ഇനം.3 (No Objection Certificate to operate Homestay from Panchayath/ Muncipality/ Corporation) എന്ന വ്യവസ്ഥ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5). വിനോദസഞ്ചാര വകുപ്പിൽ നിന്ന് ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ അനുവദിക്കുമ്പോൾ തന്നെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹോംസ്റ്റേകളുടെ വിവരം പ്രോപ്പർട്ടി ടാക്സ് ഈടാക്കുന്ന ആവശ്യകതയിലേയ്ക്കായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(6) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് I&II ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ വകുപ്പ് ( നമ്പർ.ആർസി3/7/2022/തസ്വഭവ ഫയൽ പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sandhya T
Date: 04-06-2022 10:47:02
സെക്ഷൻ ഓഫീസർ

199769/2022/TSM (C)

പകർപ്പ് : ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.